**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 663** **24-08-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യുടെ ഭൂമിയിൽ പ്രവർത്തിക്കുന്ന കുടുംബാരോഗ്യകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കക്കയം കെ.എസ്.ഇ.ബി.യുടെ ഭൂമിയിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുടുംബാരോഗ്യകേന്ദ്രം ആധുനിക രീതിയിൽ പുതുക്കിപ്പണിയുന്നതിനായി കെ.എസ്.ഇ.ബി.യുടെ ഭൂമി ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുക്കുന്നതിനുള്ള തടസ്സം എന്താണെന്നറിയിക്കാമോ; | (എ) | തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് വേണ്ടി ഭൂമി വിട്ടു നൽകണമെന്ന ആരോഗ്യ വകുപ്പിന്റെയും ഗ്രാമപഞ്ചായത്തിന്റെയും അപേക്ഷകൾ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് പരിഗണിക്കുകയും 30.03.2022-ലെ ഉത്തരവ് പ്രകാരം ഭൂമി വിട്ടു നൽകാനുള്ള തീരുമാനം ആവുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ഉടമസ്ഥതയി ലുള്ള 48.25 സെന്റ് ഭൂമി കുടുംബാരോഗ്യ കേന്ദ്രത്തിനു സർക്കാർ നിശ്ചയിക്കുന്ന വിപണി നിരക്ക് (Market Value) അനുസരിച്ച് കൈമാറ്റം ചെയ്യപ്പെടുവാൻ ഉത്തരവാകുകയും, ഭൂമിയുടെ വിപണി നിരക്ക് നിർണ്ണയിച്ചു കിട്ടുന്നതിനായി 25.04.2022-ന് കൊയിലാണ്ടി തഹസിൽ ദാർ സമക്ഷം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ കൊയിലാണ്ടി താലൂക്കിൽ നിന്ന് ഭൂമിയുടെ വിപണി നിരക്ക് നിർണ്ണയിച്ച് കൈമാറുന്ന മുറയ്ക്ക് ഭൂമി കൈമാറുന്നതാ യിരിക്കും. ഇക്കാര്യത്തെ സംബന്ധിച്ച് MLA നൽകിയ കത്ത് പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത സ്ഥലം സൗജന്യമായി വിട്ടുകൊടുക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (ബി) | ഭൂമി വിട്ടു നൽകുന്നതിനുള്ള അപേക്ഷ KSE ബോർഡിന് ലഭിച്ചിട്ടുണ്ട്. കക്കയം ഹൈഡൽ പ്രോജക്റ്റിനു വേണ്ടി വാർഡ് നമ്പർ 3/66 പ്രകാരം അക്വയർ ചെയ്ത ടി ഭൂമി ബോർഡിന്റെ പേരിലേയ്ക്ക് പോക്കുവരവ് നടത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി പൊന്നും വിലക്ക് ഏറ്റെടുത്തിട്ടുള്ളതായിട്ടാണ് കാണുന്നത്. ആയതിനാൽ ഉചിതമായ കമ്പോള വിലയീടാക്കി ഭൂമി കൈമാറാവുന്നതാണ് എന്നാണ് കെ. എസ്. ഇ.ബോർഡ് ലിമിറ്റഡിന്റെ തീരുമാനം. പി.എച്ച്.സി ക്ക് ആവശ്യമായ 48.25 സെന്റ് സ്ഥലം കമ്പോള വില ഈടാക്കി കൈമാറാൻ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് 30.03.2022 ന് തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ